പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.437 26-04-2017-ലെ മറുപടിയ്ക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.എം.വിൻസെന്റ് ഡോ.ടി.എം. തോമസ് ഐസക്

ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ ; | അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾപ്രകാരം 31.12.2016 വരെയുള്ള കാലയളവിലെ നികുതി വരുമാനത്തിലെ വളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 10.02 ശതമാനമാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 8.98 ശതമാനം വളർച്ച രേഖപ്പെടുത്തിയപ്പോൾ സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനത്തിന് 16.47 ശതമാനം വളർച്ചയുണ്ടായി. ഈ കാലയളവിൽ സർക്കാരിന്റെ ആകെ ചെലവ് മുൻവർഷത്തെ അപേക്ഷിച്ച് 13.32 ശതമാനം കൂടിയിട്ടുണ്ട്. 31.12.2016 ലെ റവന്യൂ കമ്മി 8901 കോടി രൂപയും ധനകമ്മി 13739.72 കോടി രൂപയുമാണ്. |
| (ബി) | കഴിഞ്ഞ സാമ്പത്തിക വർഷം ഏതെല്ലാം ഇനങ്ങളിൽ എന്തു തുക വീതം വരവും ചെലവു മുണ്ടായെന്ന് അറിയിക്കുമോ ; | 31.12.2016 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് വരുമാനം 30214.66 കോടി രൂപയും നികുതിയേതര വരുമാനം 5277.54 കോടിയും കേന്ദ്ര നികുതി വിഹിതം 9567.59 കോടിയും കേന്ദ്ര ധനസഹായം 5347.70 കോടി രൂപയുമാണ്. 01.04.2016 മുതൽ 31.12.2016 വരെയുള്ള കാലയളവിലെ ആകെ റവന്യൂ ചെലവ് 59308.49 കോടി രൂപയും മൂലധന ചെലവ് 4535.63 കോടി രൂപയും വായ്പാ ചെലവ് 303.09 കോടി രൂപയുമാണ്. |
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാരിന്റെ സമാഹൃത വിഭവങ്ങളിൽ വികസനത്തിനു വേണ്ടി ചെലവഴിച്ചത് എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ ; | സംസ്ഥാനത്തെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി 01.04.2016 മുതൽ 31.12.2016 വരെയുള്ള കാലയളവിൽ 36311.05 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | 2016-17-ൽ പ്രതീക്ഷിച്ച മൂലധന ചെലവ് എത്ര; ഇതുവരെ ഉണ്ടായ മൂലധനച്ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ ? | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിച്ച മൂലധന ചെലവ് 9572.92 കോടി രൂപയും 31.12.2016 വരെയുള്ള കാലയളവിലെ ചെലവ് 4535.63 കോടി രൂപയുമാണ്. |

സെക്ഷൻ ഓഫീസർ